(ബി)	ടെലഫോൺ ബില്ലിന്റെ തീയതി	കണ്ടിജന്റ് ബില്ലിന്റെ നമ്പരും തീയതിയും	ട്രഷറി ബില്ലിന്റെ നമ്പരും തീയതിയും	തുക രൂപ. പൈസ.
	(1)	(2)	(3)	(4)
(1)	ടെലഫോൺ നമ്പർ:	67586		
	21.8.84	100/84.85	401/84.85 30.8.84	2321.00
	21.10.84	154/84.85	568/84.85 7.11.84	758.00
	21.12.84	188/84.85	708/84.85 1.1.85	1046.00
	21.4.85	19/85.86	93/85.86 4.5.85	2080.00
	21.8.85	56/85.86	250/85.86 11.7.85	1642.00
(2)	ടെലഫോൺ നമ്പർ:	67850		
	21.9.84	126/84.85	492/84.85 8.10.84	798.00
	21.11.84	171/84.85	695/84.85 31.12.84	638.00
	21.3.85	5/85.86	30/85.86 2.4.85	930.00
	21.5.85	36/85.86	172/85.86 5.6.85	1384.00
	21.7.85	72/85.86	340/85.86 3.8.85	822.00

പേരടയിൽ ആദിവാസി കുടുംബങ്ങൾക്ക് വീട് നൽകാൻ പദ്ധതി

20 [46] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പടിയൂർ കല്ലാട് പഞ്ചായത്തിൽപ്പെട്ട പേരട എന്ന സ്ഥലത്ത് ആദിവാസി കുടുംബങ്ങൾക്ക് വീട് നൽകാൻ ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് വല്ല പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഈ പദ്ധതി ആരംഭിച്ചത്;

(സി) ഈ പദ്ധതിപ്രകാരം എത്ര വീടിന്റെ പണി ആരംഭിച്ചു; എത്ര വീടിന്റെ പണി പൂർത്തിയായി;

(ഡി) പൂർത്തിയായില്ലെങ്കിൽ കാരണമെന്താണ്;

(ഇ) ഈ വീടുകളുടെ പണി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1977-78 സാമ്പത്തിക വർഷത്തിൽ.

(സി) 12 വീടുകളുടെ പണി ആരംഭിച്ചു. പണി ഒന്നും പൂർത്തിയായിട്ടില്ല.

(ഡി) ബ്ലോക്കിൽനിന്ന് ഒരു കരാറുകാരൻ വഴിയാണ് നിർമ്മാണം നടത്തിയത്. തറയുടെ നിർമ്മാണം പൂർത്തിയായശേഷം കരാറുകാരൻ പിന്നീട് പണി തുടരുന്നതിന് തയ്യാറായില്ല.

(ഇ) ഇരിക്കൂർ ഡവലപ്പ്മെന്റ് ഓഫീസർ മുഖാന്തിരമാണ് പണി നടത്തിക്കൊണ്ടിരിക്കുന്നത്. പണി പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകാൻ കണ്ണൂർ കലക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്.

വായ്പാ വിതരണത്തിലെ ക്രമക്കേട്

21 [47] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കണ്ണൂർ റീജിയണൽ ഓഫീസിൽനിന്നുള്ള വായ്പാ വിതരണത്തിൽ ക്രമക്കേടുകളുണ്ടെന്ന് ആരോപിച്ചുകൊണ്ട് ഗവൺമെന്റിന് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതിയെക്കുറിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടിയെടുക്കുമോ?

ഉത്തരം

(എ) കൃഷിഭൂമി വാങ്ങുന്നതിനു വായ്പ നൽകുന്നതിൽ ക്രമക്കേടുകളുണ്ടെന്നാരോപിച്ചുകൊണ്ട് കോഴിക്കോട് ജില്ലാ കർഷക സംഘം സെക്രട്ടറി 25-6-1985-ൽ സമർപ്പിച്ച പരാതി കിട്ടിയിട്ടുണ്ട്.

(ബി) കിട്ടിയ പരാതി ആവശ്യമായ നടപടിക്കും റിപ്പോർട്ടിനുമായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം, ഗവൺമെന്റ് തലത്തിൽ നടപടി ആവശ്യമാണെങ്കിൽ എടുക്കുന്നതാണ്.

കെ. ടി. ഡി. സി. എം. ഡി. യുടെ മേലുള്ള അന്വേഷണം

22. [49] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ടി. ഡി. സി. എം. ഡി. യുടെ മേൽ ഏതെങ്കിലും രീതിയിലുള്ള അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ സ്വഭാവം എന്താണ്;

(സി) അന്വേഷണം എന്തു കാര്യത്തിനാണ്;

(ഡി) അന്വേഷണം നടത്തുന്ന ഏജൻസി ഏതാണ്?

LIBRARY ARCHIVES Kerala Legislative Assembly